# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്തിയതോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-ALP-P-2/735/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 25/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുത്തിയതോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-2/735/2021 തീയ്യതി: 25/09/2021

## ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2021 | 16-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 16-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ.ഓഡിറ്റ് ഓഫീസർ
ശ്രീ.വി.കെ.പുഷ്പരാജ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ടി.എം.റോയി.അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത,ഓഡിറ്റർ
ശ്രീമതി.ലേഖ.പി.കെ,ഓഡിറ്റർ

ശ്രീ.സ ിജ ി ജോൺ,ഓഡ ിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രേമരാജപ്പൻ | പ്രസിഡന്റ് | 01-04-2020 | 29-12-2020 |
| വത്സല | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ജലീന നാലകത്ത് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ ഗുരു പ്രിയ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ജലജ വി പൈ | പ്രധാന അധ്യാപിക, ഗവ. എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| ജാൻസി എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ബിജുമോൾ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നാലുകുളങ്ങര | 01-04-2020 | 31-03-2021 |
| ആഷ ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ലീന ഡെന്നീസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| അജയകുമാർ.പി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| നിഷ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ കുത്തിയതോട് | 01-04-2020 | 31-03-2021 |
| പി.എസ്.വിപിനചന്ദ്രൻ | സെക്രട്ടറി | 01-04-2020 | 10-06-2020 |
| പി.സി.സേവ്യർ | സെക്രട്ടറി | 11-06-2020 | 31-03-2021 |
| സിജി എൻ നാഥ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ കീർത്തി കെ കുട്ടൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 20-04-2020 |
| ഡോ റൂബി ആർ | മെഡിക്കൽ ഓഫീസർ, | 21-04-2020 | 01-06-2020 |

| | | | |
|---|---|---|---|
| | പി.എച്ച്.സി | | |
| ഡോ കീർത്തി കെ കുട്ടൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 02-06-2020 | 09-10-2020 |
| ഡോ റൂബി ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 10-10-2020 | 15-11-2020 |
| ഡോ കീർത്തി കെ കുട്ടൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 16-11-2020 | 28-02-2021 |
| ഡോ പ്രിഷ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-03-2021 | 31-03-2021 |
| ഡോ ജിജിമോൾ ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| റീന പദ്മനാഭൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 01-01-2021 |
| സുനിത ഷഭാകരൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-01-2021 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Lekha (Auditor, On 24-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Lekha (Auditor, On 24-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Lekha (Auditor, On 24-08-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Lekha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 19-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Lekha (Auditor, On 24-08-2021) | 1-10 |
| 11 | ലൈസൻസ് അനുവദിക്കുന്നതിൽ അപാകത<br>Written By: Lekha (Auditor, On 16-08-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-11 |
| 12 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 19-08-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-12 |
| 13 | സാമൂഹ്യപെൻഷൻ -മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ് ചെയ്തില്ല<br>Written By: Lekha (Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-13 |
| 14 | മരുന്നുകൾ ലഭ്യമായില്ല<br>Written By: Preetha (Auditor, On 18-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-14 |
| 15 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ പദ്ധതി - കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല<br>Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-15 |
| 16 | രേഖകൾ ഹാജരാക്കിയില്ല<br>Written By: Preetha (Auditor, On 18-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-16 |
| 17 | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ -- കരാർ നിബന്ധനകൾ പാലിക്കാതെ തുക നൽകി. | 1-17 |

| | | |
|---|---|---|
| | Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | |
| 18 | പവർസ്റ്റേഷൻ താനാട്ട് റോഡ് ഇംപ്രൂവ്മെന്റ്- ടെണ്ടർ എക്സസ് അനുവദിച്ച തുക- ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് തിരികെ ഈടാക്കി<br>Written By: Pushparaj V.K (Asst. Audit Officer, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-18 |
| 19 | വീട് വാസയോഗ്യമാക്കൽ -- ഗുണഭോക്താവിന് അർഹതപ്പെട്ട തുക നൽകിയില്ല ---<br>Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-19 |
| 20 | ലൈഫ് ഭവന നിർമ്മാണം - ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല<br>Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-20 |
| 21 | കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വിതരണം -യൂണിറ്റ് വിലയിലും അധികം നൽകി<br>Written By: Joseph George (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 20-09-2021) | 1-21 |
| 22 | കുടിവെള്ള കണക്ഷൻ (ജനറൽ പ്രോ.നം 55/21)-സബ്സിഡി തുക പൂർണ്ണമായി നൽകിയില്ല<br>Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 1-22 |
| 23 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ച<br>Written By: T.M Roy (Senior Grade Auditor, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 1-23 |
| 24 | ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല - ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് തുക ഈടാക്കി<br>Written By: Pushparaj V.K (Asst. Audit Officer, On 17-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 1-24 |
| 25 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Preetha (Auditor, On 18-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 1-25 |
| 26 | വീട് വാസയോഗ്യമാക്കൽ - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 31-08-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 1-26 |
| **ഭാഗം 2** | | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Elsamma (Audit Officer, On 25-09-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 2-1 |
| **ഭാഗം 3** | | |
| 1 | കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വിതരണം -യൂണിറ്റ് വിലയിലും അധികം നൽകി<br>Written By: Elsamma (Audit Officer, On 29-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 15-08-2021) | 4-2 |

| | | |
|---|---|---|
| | Last Updated By: Elsamma (Audit Officer, On 22-09-2021) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 20-08-2021)<br>Last Updated By: Elsamma (Audit Officer, On 25-09-2021) | 4-9 |
| 10 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 15-08-2021)<br>Last Updated By: Elsamma (Audit Officer, On 22-09-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

17.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 188440579 | 185794000 |
| വാർഷികകണക്ക് പ്രകാരം | 74669067 | 88100180 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 28231019 |
| വരവ് | 74669067 |
| ആകെ | 102900086 |
| ചെലവ് | 88100180 |
| നീക്കിയിരിപ്പ് | 14799906 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | സോഴ്സിൽ നിന്നും പിടിച്ചത് | ആകെ | ചെലവ് പ്രോജക്ട് | ജി.ഓ. പ്രോജക്ട് | സി.ബി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 15930063 | | 15930063 | 15506887 | | 423176 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4959539 | 87843 | 4959539 | 4935344 | 87843 | 24195 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 260255 | | 260255 | 222000 | | 38255 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1924000 | | 1924000 | 1924000 | | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5196900 | | 5196900 | 5196900 | | 0 |
| സി.എഫ്.സി. | | 20215950 | 500000 | 20215950 | 7341644 | 500000 | 12874306 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 123895588 | 127 | 50082246 | 15 | 34 | 72.15 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 26505 | 1381185 | 1407690 | 1400475 | 7215 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 49846525 | 49846525 | 49846525 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105360 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 2684600 | 197 |
| വിധവാപെൻഷൻ | 10545600 | 745 |
| വാർദ്ധക്യകാലപെൻഷൻ | 31129400 | 2511 |
| വികലാംഗപെൻഷൻ | 4487100 | 302 |
| അവിവാഹിത പെൻഷൻ | 1421400 | 96 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-08-2021 തീയ്യതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ/സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4466/- രൂപ ക്യാഷ് ബാലൻസിന്റെ(നീക്കിയിരുപ്പിന്റെ) കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമ പഞ്ചായത്തിൽ പണം സൂക്ഷിക്കുന്നതിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
3. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ (എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.
4. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല.

5. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/07/2021 | 01/12/2020-28/07/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/02/2018 | 2012/13-2016-17 | 21/06/2018 |

## 1-11 ലൈസൻസ് അനുവദിക്കുന്നതിൽ അപാകത

1-11-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ(പട്ടിക ക്രമ നം-132), പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവൃത്തിക്കേണ്ടവയാണ് പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) പള്ളിത്തോട് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 247 ഡി

2) പറയകാട് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 18 ഡി

3) തുറവൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 251ഡി

4) തഴുപ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 258ഡി

1-11-2 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം: | വാർഡ് നം/കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 10/117 A | മാനേജിംഗ് ഡയറക്ടർ .വി.കെ.എൽ സീസണിംഗ് | 562.5 HP | 5625/- | 3670/- 119010500067 /.27.2.20 | 1955 |
| 2 | 10/117,118,120,121,126 | ജയൻ .ടി.ഡി കേയ ഫുഡ്സ് ഇന്റർ നാഷണൽ | 483.5 HP | 4835/- | 2820/- 119010500068 / 27.2.20 | 2015 |
| | ആകെ | | | | | 3970/- |

മേൽ സൂചിപ്പിച്ച അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി (10/12.8.21) യുടെ മറുപടിയിൽ പറഞ്ഞിരിക്കും പ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുകയും മോട്ടോർ റണ്ണിംഗ് ഫീസ് കുറവായി ഈടാക്കിയസ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരമുള്ള ഫീസീടാക്കിയും അറിയിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

1.പ്രോജക്ട്നം.42/20-21 എസ്.എസ്.എ.വിഹിതം നൽകൽ

വികസനഫണ്ട് - 4,89,560 തനത്ഫണ്ട് - 10,440

ചെലവ് - 4,89,560 ചെലവ് - 10,440

(ബിൽ നം.5/20-21/9.10.20)

ഗവ.യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി 2020-21 സാമ്പത്തികവർഷം നടപ്പിലാക്കിയ ടി പ്രോജക്ട്പ്രകാരം വികസനഫണ്ടിൽ നിന്നും 4,89,560 രൂപയും തനതുഫണ്ടിൽ നിന്നും 10,440/- രൂപയും എസ്.എസ്.കെ.യ്ക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.08.2021) ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന മറുപടി നൽകിയിരുന്നു. ആയതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നം. 194/20-21 തുല്യതാ പരീക്ഷയ്ക്ക് ഫീസാനുകൂല്യം

വികസനഫണ്ട് - 50,000

ചെലവ് - 41,400(3/20-21/3.8.20)(നം. 2/10.08.2021)

(നം. 2/10.08.2021)

ടി പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും, 41,400/- രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് സാക്ഷരതാമിഷന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് പ്രകാരം പഠിതാക്കൾ പ്രവേശനം നേടിയതിന്റെ രേഖകൾ, കോഴ്സ് പൂർത്തികരിച്ചതിന്റെയും സർട്ടിഫിക്കറ്റ് നൽകിയതിന്റേയും രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.08.2021) മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-13 സാമൂഹ്യപെൻഷൻ -മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ് ചെയ്തില്ല

കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിൽ നിന്നുള്ള റിപ്പോർട്ടും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകളും പരിശോധിച്ചപ്പോൾ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചതായി കാണുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | ലീലാമ്മ(അൽഫോൺസ) തേറാത്ത്,പള്ളിത്തോട് 16/45 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104350201252 | 19.01.2021 | 2/2021മുതൽ 8/2021 വരെ | 4200(600/- രൂപ നിരക്കിൽ) |

അനർഹമായ തുക പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. മരണം നടന്ന് 6-മാസത്തിലധികമായിട്ടും പെൻഷൻ സസ്പെൻഡ് ചെയ്യാതിരുന്നതിന് വിശദീകരണം (ഓഡിറ്റ് അന്വേഷണം നം 18/16.8.21)ലഭ്യമാക്കിയത്

പ്രകാരം പെൻഷൻ ഡേറ്റാ ബേസ് ഇപ്പോൾ ബ്ലോക്ക് ചെയ്തിരിക്കുകയാണെന്നും ഓപ്പൺ ആയാലുടൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകൾ വഴി പെൻഷൻ ലഭിക്കുന്നവരുടേത് വാർഡ് ക്ലാർക്കുമാരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ആധാർ നമ്പർ ലഭ്യമായ എല്ലാഗുണഭോക്താക്കളുടെ പെൻഷനും അതതുമാസം തന്നെ സസ്പെൻഡ് ചെയ്യുന്നതായും കാണുന്നുണ്ട്. എന്നാൽ മറ്റ് ബാങ്കുകൾ വഴി അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ ലഭിക്കുന്നതും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ നിലവിൽ മറ്റ് മാർഗ്ഗങ്ങളില്ല. ഇതൊഴിവാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പുതിയ സർക്കുലർ നം. 63/2021/ധന, തീയതി,2.8.21 പ്രകാരമുള്ള താഴെപ്പറയുന്നനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയിട്ടുള്ള വ്യക്തികളുണ്ടെങ്കിൽ അതത് പ്രാദേശിക സർക്കാർ സെക്രട്ടറിയെ അടുത്ത മാസം 10-തീയതിക്കുമുൻപായി അറിയിക്കേണ്ടതാണ് .
2. ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്. ഇതിൻമേൽ പഞ്ചായത്തു തലത്തിലുള്ള പരിശോധന വളരെ ആവശ്യമാണ്.

## 1-14 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പള്ളിത്തോട് നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി താഴെപ്പറയും പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നൽകിയ തുകകൾക്കനുസരിച്ചുള്ള മരുന്നുകൾ ലഭ്യമായില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | ബിൽ.നം./ തീയതി | പ്രോഫോർമ ഇൻവോയിസ് നം / തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|---|
| 1.. | 26/20-21<br>സാന്ത്വന പരിചരണ പദ്ധതി | 4/20-21/29.11.21.<br>7/120-21/20.2.21. | PRF44011/ 14.1.2020<br>PRF5317 1.2.2021 | 100000/-<br>73152/- | - | 100000/-<br>73152/- |
| 2. | 38/20-21<br>പി എച്ച് സിക്ക് മരുന്ന് വാങ്ങൽ | 10/20-21/6.1.21. | PRF3321/9.11.2020 | 100000/- | - | 100000/- |
| 3 | 218/20-21<br>വയോജനങ്ങൾക്ക് ജിവിത ശൈലി രോഗ നിർണയ ക്യാമ്പ് | 9/20-21/6.1.21. | PRF3401/2.11.2020 | 100000/- | | 100000/- |
| | | | | | | 373152 |

മരുന്നുകൾ ലഭ്യമായ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/12.8.21) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെയും അവ സ്റ്റോക്ക് എൻട്രി വരുത്തി വിതരണം ചെയ്തതിന്റേയും രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ പദ്ധതി - കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല

പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രോ.നം 09/21) എന്ന പദ്ധതി പ്രകാരം സി.പി.ആർ.സി.എസ് മുഖേന കെൽട്രോണിൽ നിന്നും നാല് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും 159188/- രൂപ പിൻവലിച്ച് 10.3.2021ൽ കേരള സ്റ്റേറ്റ് ഐ.ടി മിഷന് നൽകിയിട്ടുണ്ട്.

കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് നം 21888/23.02.2021 പ്രകാരം തുക കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല. സ്റ്റോക്ക് ഇല്ലാത്തതുകൊണ്ടാണ് കമ്പ്യൂട്ടർ വിതരണത്തിൽ കാലതാമസം വരുന്നതെന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. മേൽ പ്രോജക്ട് പ്രകാരമുള്ള 1,59,188/- രൂപയുടെ ചെലവ് താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകൾ ലഭിക്കുന്നമുറയ്ക്ക് അവയുടെ ബില്ല്, സ്റ്റോക്ക്, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - S0103/20-21

പ്രോജക്ടിന്റെ പേര് - താല്ക്കാലിക ഫാർമസിസ്റ്റിന് വേതനം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

തനത് ഫണ്ട്-200000/-

ചെലവ്-108400/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം - S0103/20-21 പ്രകാരം താല്ക്കാലിക ഫാർമസിസ്റ്റിന് വേതനം നൽകുന്നതിന് 108400/- അക്കൌണ്ട് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരങ്ങളോ, ഫാർമസിസ്റ്റിന്റെ ഹാജർ സംബന്ധിച്ച രേഖകളോ ഫയലിൽ നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/17.8.21) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവു തുകയായ 108400/- തടസ്സപ്പെടുത്തുന്നു.

## 1-17 അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ -- കരാർ നിബന്ധനകൾ പാലിക്കാതെ തുക നൽകി.

പ്രോ.നം 108/2018, 206/2018 എന്നീ പ്രോജക്ടുകൾ പ്രകാരം 2017-18 വർഷം അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 1,99,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നു. എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയപ്പോൾ 21,000/- രൂപയുടെ കുറവുണ്ടായതായും ടി തുക ഒടുക്കണമെന്നും കാണിച്ച് 3.3.2020ൽ വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ 222/2021 നമ്പർ പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും 21,000/- രൂപ പിൻവലിച്ച് 30.10.2020ൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്.

2017-18 വർഷത്തെ മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ അനുസരിച്ച് (കരാർ നം. സി3-02/2017-18/10.08.2018) മേൽ പദ്ധതികൾ 30.09.2018ൽ പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ അനിവാര്യമായ കാരണങ്ങളാൽ പദ്ധതി ചെലവ് എസ്റ്റിമേറ്റ് തുകയിലും അധികരിക്കുകയാണെങ്കിൽ അതിനുള്ള വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകേണ്ടതുമാണ് (എഗ്രിമെന്റ് നിബന്ധന 3, 6). എന്നാൽ ടി പദ്ധതികൾ മൂന്ന് വർഷം കഴിഞ്ഞിട്ടും എന്തുകൊണ്ട് നടപ്പാക്കിയില്ലായെന്ന് കത്തിൽ വ്യക്തമാക്കുകയോ ജി.എസ്.ടി ഉൾപ്പെടുത്തി റിവൈസ് ചെയ്ത എസ്റ്റിമേറ്റിന്റെ പകർപ്പ് ഗ്രാമപഞ്ചായത്തിന് നല്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റിലെ നിബന്ധനകൾ പ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കാതെ തുക നൽകിയത് ക്രമവിരുദ്ധമാണ്. കരാർ കാലാവധിയ്ക്കുള്ളിൽ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ വാട്ടർ അതോറിറ്റിയിൽ നിന്നും വിശദീകരണം വാങ്ങുകയോ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ ചെയ്യാതെ തുക നൽകിയ സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ തുക നൽകിയതിനാലും പദ്ധതി നാളിതുവരെ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിലും മേൽ പദ്ധതി പ്രകാരമുള്ള 21,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പവർസ്റ്റേഷൻ താനാട്ട് റോഡ് ഇംപ്രൂവ്മെന്റ്- ടെണ്ടർ എക്സസ് അനുവദിച്ച തുക- ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് തിരികെ ഈടാക്കി

| | | |
|---|---|---|
| പ്രോജക്ട് നം. | : | 115/21 |
| പ്രോജക്ടിന്റെ പേര് | : | പവർസ്റ്റേഷൻ താനാട്ട് റോഡ് ഇംപ്രൂവ്മെന്റ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | | 500000/-രൂപ |
| എഗ്രീഡ് പി.എ.സി | : | 439726.16/- രൂപ |
| ആകെ വേല മൂല്യം | | 440506.32 |

| | | |
|---|---|---|
| ചെലവ് | | 493367/- രൂപ (നികുതി ഉൾപ്പെടെ)<br>ട്രഷറി ബിൽ നം. 11 തീയതി,22.05.2020- 467156<br>ട്രഷറി ബിൽ നം. 15 തീയതി, 22.06.2020- 26211 |
| എഗ്രിമെന്റ് നം. | : | 01/AE/LSGD/KTD/19-20 തീയതി,21.09.2019 |
| എസ്റ്റിമേറ്റ് നം. | : | 2019/44022 |

എസ്റ്റിമേറ്റ് പ്രകാരം 446299.71/- രൂപയാണ് (നികുതി കഴിച്ച്)ഈ പ്രവർത്തിയുടെ ആകെ മൂല്യമായി നിശ്ചയിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഈ പ്രവർത്തിയുടെ എല്ലായിനങ്ങൾക്കും കൂടി ആകെ വേണ്ടി വരുന്ന തുക 439168.71 രൂപയാണെന്ന് കാണുന്നു. ബാക്കി തുക 7131/- രൂപ ലംപ്സം പ്രൊവിഷനായി ഉൾപ്പെടുത്തിയതാണെന്ന് കാണുന്നു. ഈ പ്രവർത്തി ഐറ്റം റേറ്റിലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം രണ്ട് കോൺട്രാക്ടർമാർ ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ കുറവ് തുക ക്വോട്ട് ചെയ്ത (439726.16/- രൂപ) കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും പ്രവർത്തി നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തിക്കാവശ്യമായ ഇനങ്ങളുടെ മൂല്യം പരിഗണിക്കുമ്പോൾ കരാറുകാരൻ ക്വോട്ട് ചെയ്തിട്ടുള്ളത് ടെണ്ടർ എക്സസ് ആയ തുകയാണെന്ന് കാണുന്നു. ലംപ്സം പ്രൊവിഷനായി തുക വച്ചതിനാലും ഐറ്റം റേറ്റിലാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നതിനെന്നാലും ഈ വ്യത്യാസം ശ്രദ്ധിക്കപ്പെടാതെയൊ പരിഗണിക്കപ്പെടാതെയൊ പോകുകയാണുണ്ടായത്. ടെണ്ടർ എക്സസ് ആയി അനുവദിച്ച തുക 1338/- രൂപ(440506.32-439168.71) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.22 തീയതി, 17.08.2021) നല്കിയതിനെ തുടർന്ന് കരാറുകാരനിൽ നിന്നും തുക ഈടാക്കി (രസീപ്റ്റ് നം.121010100471 തീയതി,18.08.2021) വിവരം ഇ-മെയിലിലൂടെ അറിയിച്ചു.

## 1-19 വീട് വാസയോഗ്യമാക്കൽ -- ഗുണഭോക്താവിന് അർഹതപ്പെട്ട തുക നൽകിയില്ല ---

വി.ഇ.ഒ നാലുകുളങ്ങര 2020-21 വർഷം നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ എസ്.സി (പ്രോ.നം 53/21) പദ്ധതിയിൽ ഉൾപ്പെടുത്തി 15 എസ്.സി കുടുംബങ്ങളുടെ വീട് അറ്റകുറ്റപ്പണി നടത്തുന്നതിന് വികസന ഫണ്ടിൽ നിന്നും 15,00,000/- രൂപ വകയിരുത്തിയതിൽ 13,50,000/- രൂപ തൻവർഷം ചെലവഴിച്ചതായിട്ടാണ് സുലേഖ ചെലവ് പത്രികയിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2020-21 വർഷത്തെ ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ, ടി പ്രോജക്ടിന്റെ തൻവർഷത്തെ യഥാർത്ഥ ചെലവ് 13,25,000/- രൂപ മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾ പ്രകാരം നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയ 11 ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.നടേശൻ, കൊണ്ടയിൽ, വാർഡ് 16 എന്നയാൾക്ക് രണ്ട് ഘട്ടമായി 75000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. നിർമ്മാണം പൂർത്തിയാക്കിയ 11 പേർക്കും മുഴുവൻ തുകയും നൽകിയെന്ന നിഗമനത്തിൽ മറ്റ് നാല് ഗുണഭോക്താക്കൾക്ക് (രണ്ട് പേർക്ക് 50,000/-രൂപ വീതവും മറ്റ് രണ്ട് പേർക്ക് 25,000/- രൂപ വീതവും) ശേഷിക്കുന്ന തുക നൽകുന്നതിനായി 2021-22 വർഷത്തേയ്ക്ക് 1,50,000/- രൂപ വകയിരുത്തി ടി പ്രോജക്ടിന് സ്പിൽ ഓവർ അംഗീകാരം വാങ്ങിയിട്ടുണ്ട്. സുലേഖയിലെ സാങ്കേതിക പിഴവും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധക്കുറവും മൂലമാണ് നിർമ്മാണം പൂർത്തിയാക്കിയ ശ്രീ.നടേശന് അർഹതപ്പെട്ട തുക പൂർണ്ണമായി ലഭിക്കാതിരുന്നത്. ടിയാന് നൽകുവാനുള്ള 25,000/- രൂപ നൽകി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന നിർമ്മാണം - ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചില്ല

വി.ഇ.ഒ കത്തിയതോട് സർക്കിൾ, വി.ഇ.ഒ നാലുകുളങ്ങര സർക്കിൾ എന്നിവർ 2020-21 വർഷം നിർവ്വഹണം നടത്തിയ താഴെപറയുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതികൾക്ക് പ്രോജക്ട് പ്രകാരം വകയിരുത്തിയ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചതായോ, ചെലവഴിച്ചതായോ കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ ജില്ലാ പഞ്ചായത്ത് വിഹിതം | വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി ജനറൽ (പ്രോ.നം 138/21) സ്പിൽ ഓവർ | 1054168 | 1130000 |
| 2 | ലൈഫ് ഭവന പദ്ധതി എസ്.സി (പ്രോ.നം 139/21) സ്പിൽ ഓവർ | 400000 | 240000 |

| | | | |
|---|---|---|---|
| 3 | ലൈഫ് ഭവന പദ്ധതി ജനറൽ (പ്രോ.നം 201/21) | 510000 | 750000 |
| 4 | ലൈഫ് ഭവന പദ്ധതി - ഭൂമി വാങ്ങൽ (പ്രോ.നം 202/21) | 900000 | 900000 |
| 5 | ലൈഫ് ഭവന പദ്ധതി - എസ്.സി (പ്രോ.നം 227/21) | 2000000 | 1524000 |
| | ആകെ | 48,64,168 | 45,44,000 |

ലൈഫ് ഭവന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നൽകുന്ന 4,00,000 രൂപയിൽ 80,000 രൂപ ത്രിതല പഞ്ചായത്ത് വിഹിതവും 1,00,000 രൂപ സംസ്ഥാന വിഹിതവും ശേഷിക്കുന്ന തുക ഹഡ്കോ വായ്പയുമാണ്. സംയുക്ത പദ്ധതിയായ ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതും ആയത് യഥാസമയം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. പ്രോജക്ടിൽ വകയിരുത്തുന്ന ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വിതരണം -യൂണിറ്റ് വിലയിലും അധികം നൽകി

പദ്ധതി നം-188/2021

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ-6,72,000/-(വികസന ഫണ്ട്-ജനറൽ -Rs.5,04,000, ഗുണഭോക്തൃവിഹിതം- 168000)

ചെലവ് -6,72,000/(വികസന ഫണ്ട്-ജനറൽ -Rs.5,04,000, ഗുണഭോക്തൃവിഹിതം- 168000)

ബിൽ നം- 08/2020-21 Rs. 1,20,000/- C/O 30/10/2020

ബിൽ നം- 10/2020-21 Rs. 1,20,000/- C/O 22/11/2020

ബിൽ നം- 13/2020-21 Rs. 1,20,000/- C/O 28/01/2021

ബിൽ നം- 26/2020-21 Rs. 1,44,000/- C/O 19/02/2021

കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി (മൺചട്ടി/ഗ്രോബാഗ്) പ്രകാരം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച 4200 മൺചട്ടി ഒന്നിന് 160/- രൂപ നിരക്കിൽ വിതരണം ചെയ്തതിന് ആകെ 672000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരമാണ് ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ അനുവദിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പമുള്ളവ) മൺചട്ടികളാണെങ്കിൽ മാത്രമാണ് പ്രാദേശികമായി വാങ്ങി നൽകാവുന്നത്. ഇവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ തീരുമാനിക്കുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ഈ കർഷക സംഘം സ്വയം ഉത്പാദിക്കാത്ത മൺചട്ടി ടെണ്ടർ ക്വട്ടേഷൻ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന മൺചട്ടികളാണ് ടെണ്ടർ, ക്വട്ടേഷൻ എന്നിവയില്ലാതെ പ്രാദേശികമായി വാങ്ങി നൽകാൻ അനുമതിയുള്ളത്. പദ്ധതി മാർഗ്ഗരേഖയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടി മാത്രമാണ് നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈയിനത്തിലുള്ള മൺചട്ടിക്ക് 2020-21 സാമ്പത്തിക വർഷം ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 140/- രൂപയാണ്. എന്നാൽ 12 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടിക്ക് ബാധകമായ 160/- രൂപ വീതം നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ ഒരു ബില്ലിലും മൺചട്ടിയുടെ വലിപ്പം രേഖപ്പെടുത്തുകയോ വിവരം നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം-13 Dtd 13/08/2021) നൽകിയ മറുപടിയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടിയാണ് വാങ്ങി നൽകിയത് എന്നും ജില്ലാതലത്തിൽ നിശ്ചയിച്ച 140/- രൂപ യൂണിറ്റ് കോസ്റ്റ്

10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് മാത്രമാണെന്നും അതിലെ പോട്ടിംഗ് മിശ്രിതത്തിനും തൈക്കുമായാണ് 160/- രൂപ നൽകിയത് എന്നുമാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി,14/02/2018 പ്രകാരമുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി/ഗ്രോബാഗുകളാണ് യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാൻ അനുവാദമുള്ളത്. ആയതിനാൽ തന്നെ മൺചട്ടി മാത്രമായി വിതരണം ചെയ്യാൻ പദ്ധതി ഏറ്റെടുക്കാവുന്നതല്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി അധികം ചെലവഴിച്ച 84000 (4200 X 20) രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 കുടിവെള്ള കണക്ഷൻ (ജനറൽ പ്രോ.നം 55/21)-സബ്സിഡി തുക പൂർണ്ണമായി നൽകിയില്ല

മേൽ പ്രോജക്റ്റ് പ്രകാരം 100 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം കുടിവെള്ള കണക്ഷന് സബ്സിഡി നൽകുന്നതിനായി 5,00,000/- രൂപ വകയിരുത്തുകയും 53 പേർക്കായി 262000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിൽ ഉൾപ്പെടുത്തിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് 32,000/- രൂപ 6 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ബിൽ തയ്യാറാക്കിയപ്പോൾ കമല എസ്.നായർ പുന്നയ്ക്കവെളി എന്ന ഗുണഭോക്താവിന് 2000/- രൂപ മാത്രമാണ് നൽകാനായത്. എന്നാൽ പദ്ധതിയിലുൾപ്പെടുത്തിയ മറ്റ് ഫണ്ടുകളിൽ നിന്നും ശേഷിച്ച രൂപ നൽകിയതുമില്ല. അപേക്ഷയും അനുബന്ധ രേഖകളും യഥാസമയം ഹാജരാക്കിയ വ്യക്തിയ്ക്ക് അർഹതപ്പെട്ട തുക പൂർണ്ണമായി നൽകാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ടി പ്രോജക്റ്റ് 2021-22 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നും ശേഷിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും നൽകുന്നതാണെന്നും വി.ഇ.ഒ മറുപടി നൽകിയത്. ഗുണഭോക്താവിന് അർഹതപ്പെട്ട തുക നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ച

2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന്റെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും താഴെപറയുന്ന തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | 2019-20ൽ വാങ്ങിയത് (എണ്ണം) | 2020-21 ൽ വാങ്ങിയത് (എണ്ണം) |
|---|---|---|---|
| 1 | എൽ.ഇ.ഡി ലൈറ്റ് | 465 | 400 |
| 2 | പെൻഡന്റ് ഹോൾഡർ | 100 | 400 |
| 3 | ബൾബ് ഷേഡ് | 100 | 240 |
| 4 | അലുമിനിയം വയർ | 06 | 16 Coil |
| 5 | ഫ്യൂസ് 16Amp | - | 80 |
| 6 | ഡി.പി സ്വിച്ച് | 30 | 40 |
| 7 | ഇൻസുലേഷൻ ടേപ്പ് | 10 | 16 |

ഇപ്രകാരം വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഓരോ വാർഡിലേയ്ക്കും അറ്റകുറ്റപ്പണി നടത്തുന്നതിനായി ആവശ്യമുള്ള ഉപകരണങ്ങൾ കരാറുകാരൻ രേഖാമൂലം ആവശ്യപ്പെടുന്നമുറയ്ക്ക് അവ നൽകേണ്ടതും വിതരണ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ തെരുവ് വിളക്ക് ഉപകരണങ്ങളുടെ വിതരണ വിവരം ചേർക്കാത്തതിനാൽ ഇവ ആര്, എപ്പോൾ കൈപ്പറ്റിയെന്ന് വ്യക്തമല്ല. ഓരോ വർഷവും പദ്ധതി വിഹിതത്തിൽ നിന്നും വലിയ തുകയാണ് തെരുവ് വിളക്ക് പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് വിനിയോഗിക്കുന്നത്. ആയതിനാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി വാങ്ങുന്ന ഉപകരണങ്ങൾ യഥാസമയം സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും

കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല - ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് തുക ഈടാക്കി

കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചാവടി മാർക്കറ്റ് ഇംപ്രൂവ്മെന്റ് എന്ന പദ്ധതിയുടെ കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.2% കുറവ് തുകയാണ് ക്വോട്ട് ചെയ്തിരുന്നത്. എന്നാൽ ഈ പ്രവർത്തിയുടെ ഫൈനൽ ബിൽ നല്കിയപ്പോൾ ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെയാണ് തുക നല്കിയത്. തന്മൂലം പഞ്ചായത്തിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 121/2021 (0057/2020) |
| പ്രോജക്ടിന്റെ പേര് | : | ച◌ാവടി മാർക്കറ്റ് ഇംപ്രൂവ്മെന്റ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ദയാനന്ദ ബാബു |
| അടങ്കൽ | : | 519000/- രൂപ<br>(വികസന ഫണ്ട്-10000/- രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-509000/-) |
| ചെലവ് | | 514419- രൂപ<br>(ട്രഷറി ബിൽ നം.4-തീ.05.05.2000-10000/-<br>ട്രഷറി ബിൽ നം.12-തീ.22.05.2000-495000<br>ട്രഷറി ബിൽ നം.14-തീ.22.06.2000-9419) |
| എഗ്രിമെന്റ് നം. | | 17/AE/LSGD/KTD/19-20<br>തീ.5.2.2020 |
| എം.ബുക്ക് നം. | | 9/KTD/19-20, 10/Ktd/19-20 |
| ആകെ വേലമൂല്യം (നികുതി കഴിച്ച്) | | 459302.47 (എം. ബുക്ക് നം. 10/Ktd/19-20പേജ് നം.4) |
| ടെണ്ടർ കുറവ് വരുത്തേണ്ടിയിരുന്ന തുക (0.2%) | | 919/-രൂപ |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.21 തീയതി.16.07.2021) നല്കിയതിനെ തുടർന്ന് കരാറുകാരനിൽ നിന്നും തുക ഈടാക്കി (രസീപ്റ്റ് നം. 121010100467 തീയതി.18.08.2021) വിവരം അറിയിച്ചു.

## 1-25 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം. S030/20-21 തുറവൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിനു ഗ്രാമപഞ്ചായത്ത് വിഹിതം.

അടങ്കൽ : 1,20,000/- വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 1,20,000/-ബിൽ നം.3/20-21,29.9.20

ടി പ്രോജക്ട് പ്രകാരം തുറവൂർ താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിനു ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും 1,20,000/- രൂപ തുറവൂർ ഡയാലിസിസ് യൂണിറ്റിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.19/17.08.2021) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

2019-20 വർഷത്തെ വീട് വാസയോഗ്യമാക്കൽ (ജനറൽ - പ്രോ.നം. 02/20) എന്ന പദ്ധതി പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 128 ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണത്തിനായി വികസന ഫണ്ടിൽ നിന്നും 25,60,000 രൂപയാണ് വകയിരുത്തിയത്. പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് അഡ്വാൻസായി 20,000 രൂപയും പിന്നീട് എസ്റ്റിമേറ്റ് പ്രകാരമുള്ള പണി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നമുറയ്ക്ക് രണ്ടാം ഗഡു തുകയായ 20,000 രൂപയും നൽകുന്നു. 2019-20 വർഷം 23,60,000 രൂപ പ്രോജക്ടിനായി ചെലവഴിക്കുകയുണ്ടായി. പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റാതിരുന്ന 10 ഗുണഭോക്താക്കൾക്കായി 200000/- രൂപ അടങ്കലിൽ ടി പ്രോജക്ട് 2020-21 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആക്കിയെങ്കിലും 7 പേർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കി മുഴുവൻ തുകയും വാങ്ങിയിട്ടുള്ളത്. മുൻകൂറായി ആദ്യ ഗഡു വാങ്ങി രണ്ട് വർഷം കഴിഞ്ഞിട്ടും വീടിന്റെ അറ്റകുറ്റപ്പണി നടത്താത്ത സലിം മുല്ലപ്പള്ളി വാർഡ് 6, കമലാസനൻ മുത്തുപറമ്പ് വാർഡ് 12, ഫിലോമിന പള്ളിപ്പറമ്പിൽ വാർഡ് 16 എന്നിവർ അറ്റകുറ്റപ്പണി നടത്താത്തപക്ഷം നൽകിയ സബ്സിഡി തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 14/13.8.21) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാത്തതിനാൽ മുൻകൂർ നൽകിയ 60,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

ബിൽ നം – 01/13.5.2020 – 80,000/-

ബിൽ നം – 02/5.6.2020 – 40,000/-

ബിൽ നം – 08/9.2.2021 – 20,000/-

# ഭാഗം -2

## 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ, ടി സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം: | വാർഡ് നം/ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 10/117 A | മാനേജിംഗ് ഡയറക്ടർ .വി.കെ.എൽ സീസണിംഗ് | 562.5 HP | 5625/- | 3670/- 119010500067 /.27.2.20 | 1955 |
| 2 | 10/117,118,120,121,126 | ജയൻ .ടി.ഡി കേയ ഫുഡ്സ് ഇന്റർ നാഷണൽ | 483.5 HP | 4835/- | 2820/- 119010500068 / 27.2.20 | 2015 |
| | ആകെ | | | | | 3970/- |

മേൽ സൂചിപ്പിച്ച അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി (10/12.8.21) യുടെ മറുപടിയിൽ പറഞ്ഞിരിക്കും പ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുകയും മോട്ടോർ റണ്ണിംഗ് ഫീസ് കുറവായി ഈടാക്കിയസ്ഥാപനങ്ങളിൽ നിന്നും ക്രമപ്രകാരമുള്ള ഫീസീടാക്കിയും അറിയിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി വിതരണം -യൂണിറ്റ് വിലയിലും അധികം നൽകി

പദ്ധതി നം-188/2021

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

അടങ്കൽ-6,72,000/-(വികസന ഫണ്ട്-ജനറൽ -Rs.5,04,000, ഗുണഭോക്തൃവിഹിതം- 168000)

ചെലവ് -6,72,000/(വികസന ഫണ്ട്-ജനറൽ -Rs.5,04,000, ഗുണഭോക്തൃവിഹിതം- 168000)

ബിൽ നം- 08/2020-21 Rs. 1,20,000/- C/O 30/10/2020

ബിൽ നം- 10/2020-21 Rs. 1,20,000/- C/O 22/11/2020

ബിൽ നം- 13/2020-21 Rs. 1,20,000/- C/O 28/01/2021

ബിൽ നം- 26/2020-21 Rs. 1,44,000/- C/O 19/02/2021

കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി (മൺചട്ടി/ഗ്രോബാഗ്) പ്രകാരം ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച 4200 മൺചട്ടി ഒന്നിന് 160/-രൂപ നിരക്കിൽ വിതരണം ചെയ്തതിന് ആകെ 672000/-രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരമാണ് ഈ വിഭാഗത്തിൽ ധനസഹായം നൽകാൻ അനുവദിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പമുള്ളവ) മൺചട്ടികളാണെങ്കിൽ മാത്രമാണ് പ്രാദേശികമായി വാങ്ങി നൽകാവുന്നത്. ഇവയുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ തീരുമാനിക്കുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടണക്കാട് അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ഈ കർഷക സംഘം സ്വയം ഉത്പാദിക്കാത്ത മൺചട്ടി ടെണ്ടർ ക്വട്ടേഷൻ നടപടികൾ കൂടാതെ നേരിട്ടാണ് വാങ്ങിയിട്ടുള്ളത്. കർഷക ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന മൺചട്ടികളാണ് ടെണ്ടർ, ക്വട്ടേഷൻ എന്നിവയില്ലാതെ പ്രാദേശികമായി വാങ്ങി നൽകാൻ അനുമതിയുള്ളത്. പദ്ധതി മാർഗ്ഗരേഖയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടി മാത്രമാണ് നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈയിനത്തിലുള്ള മൺചട്ടിക്ക് 2020-21 സാമ്പത്തിക വർഷം ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 140/-രൂപയാണ്. എന്നാൽ 12ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടിക്ക് ബാധകമായ 160/-രൂപ വീതം നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ ഒരു ബില്ലിലും മൺചട്ടിയുടെ വലിപ്പം രേഖപ്പെടുത്തുകയോ വിവരം നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം-13 Dtd 13/08/2021) നൽകിയ മറുപടിയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള മൺചട്ടിയാണ് വാങ്ങി നൽകിയത് എന്നും ജില്ലാതലത്തിൽ നിശ്ചയിച്ച 140/- രൂപ യൂണിറ്റ് കോസ്റ്റ് 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടിക്ക് മാത്രമാണെന്നും അതിലെ പോട്ടിംഗ് മിശ്രിതത്തിനും തൈക്കുമായാണ് 160/- രൂപ നൽകിയത് എന്നുമാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തീയതി.14/02/2018 പ്രകാരമുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി/ഗ്രോബാഗുകളാണ് യൂണിറ്റ് കോസ്റ്റ് പ്രകാരം നൽകാൻ അനുവാദമുള്ളത്. ആയതിനാൽ തന്നെ മൺചട്ടി മാത്രമായി വിതരണം ചെയ്യാൻ പദ്ധതി ഏറ്റെടുക്കാവുന്നതല്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി അധികം ചെലവഴിച്ച 84000 (4200 X 20) രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 187600 | സ്കോളർഷിപ്പ് | 187600 | |
| | | 67480 | അഗതി ആശ്രയ | 67480 | |
| | | | | | |
| | ആകെ | 255080 | | 255080 | |
| | | | | | |
| ജില്ല | 2018-19 | 430000 | എസ്സ്.സി അഗതി ലൈഫ് | 310000 | 120000 |
| | 20-21 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | |
| | 2020-21 | 50000 | അഗതി ആശ്രയ | 50000 | |
| | 2020-21 | 1054168 | | | 1054168 |
| | | | | | |
| | ആകെ | 1634168 | | | 1174168 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഗാർഹിക കണക്ഷൻ | 22000582/30.10.2020 | 21000 | 0 | 21000 |
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1506000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KU RDFC | | 1506000 | 22437697 | 2034705 | | 21908992 |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6601189 |
| തൻവർഷം നിക്ഷേപിച്ച തുക | 438362 |
| ആകെ | 7039551 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7039551 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 50,818/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | | 20000 | സുദർശൻ | 120030900177 Dt.01.02.2021 |
| 2012-13 | | 10240 | കൃഷി ഓഫീസർ | 120010100885 Dt 05.10.2020 |
| 2018-19 | | 10080 | അസി. എഞ്ചിനീയർ | 12001011551 Dt.24.12.2020 |
| 2018-19 | | 10498 | അസി. എഞ്ചിനീയർ | 120010101552 Dt.24.12.2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3.9 | 2011-12 | 2.6 | 100എസ്.സി.കുടുംബങ്ങൾക്ക് കുടിവെള്ളകണക്ഷൻ എടുക്കുന്നതിനായി 450000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് |

:

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74669067 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 88100180 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 3970 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 84000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1383140 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3970 | | പി.എസ്.വിപിനചന്ദ്രൻ, സെക്രട്ടറി |
| 3-1 | | 84000 | സിജി.എൻ.നാഥ്,<br>കൃഷി ഓഫീസർ |
| ആകെ | 3970 | 84000 | |

:

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12(1) | 500000 | ജലജ വി പൈ,<br>പ്രധാന അധ്യാപിക,<br>ഗവ യു പി എസ് പറയകാട് |
| 1-12(2) | 41400 | ജലജ വി പൈ,<br>പ്രധാന അധ്യാപിക,<br>ഗവ യു പി എസ് പറയകാട് |
| 1-14 | 173152<br>100000<br>100000 | ഡോ കീർത്തി കെ കുട്ടൻ,<br>മെഡിക്കൽ ഓഫീസർ,<br>പള്ളിത്തോട് പി എച്ച് സി |
| 1-15 | 159188 | പി സി സേവ്യർ<br>സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമപഞ്ചായത്ത് |
| 1-16 | 108400 | ഡോ കീർത്തി കെ കുട്ടൻ,<br>മെഡിക്കൽ ഓഫീസർ,<br>പള്ളിത്തോട് പി എച്ച് സി |
| 1-17 | 21000 | പി.സി.സേവ്യർ, സെക്രട്ടറി |
| 1-25 | 120000 | ഡോ കീർത്തി കെ കുട്ടൻ,<br>മെഡിക്കൽ ഓഫീസർ,<br>പള്ളിത്തോട് പി എച്ച് സി |
| 1-26 | 60000 | നിഷ, വി.ഇ.ഒ<br>കുത്തിയതോട് സർക്കിൾ |
| ആകെ | 1383140 | |

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജലജ.വി.പൈ.<br>പ്രധാന അധ്യാപിക<br>ഗവ യു പി എസ് പറയകാട് | പ്രധാന അധ്യാപിക,<br>ഗവ യു പി എസ് പറയകാട് | സുദർശനം<br>തിരുമലഭാഗം പി ഒ |
| ഡോ കീർത്തി കെ കുട്ടൻ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>പള്ളിത്തോട് പി എച്ച് സി | ഇന്ദീവരം, സി എം സി 13 |
| പി സി സേവ്യർ, സെക്രട്ടറി | സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമപഞ്ചായത്ത് | പുല്ലുരിറ്റിക്കരി, സി എം സി<br>ചേർത്തല |
| സിജി എൻ നാഥ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, കുത്തിയതോട് | പഴയത്ത് ഹൌസ്<br>കണ്ണങ്കര.പി.ഒ ചേർത്തല |
| പി.എസ്.വിപിനചന്ദ്രൻ, സെക്രട്ടറി | വിരമിച്ചു | |

## 4-10 തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/3-07-98/10-12-98 |
| 1999-00, 2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2010-11&2011-12 | എൽ.എഫ്.എ.പി2- 134/13/21.03.2013 |
| 2012-13 | എൽ.എഫ്.എ.പി2- 101/14/29.04.2014 |
| 2013-2014 & 2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374/2016/26.03.2017 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി2 -1480/16/28.02.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി2-1184/17/18.09.2017 |
| 2017-2018 | കെ.എസ്.എ.എ.എൽ.പി/പി2-1204/18/21.6.2019 |
| 2018-2019 | കെ.എസ്.എ.എ.എൽ.പി/പി2-406/20/25.5.20 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്